(ഇ) കേരളാ ടോൾസ് ആക്ട് 1976, കേരളാ ടോൾസ് ലെവി റൂൾസ് 1983 എന്നിവ അനുസരിച്ച് 5 കോടി മുതൽ 10 കോടി രൂപ വരെ നിർമ്മാണ ചെലവുള്ള പാലങ്ങളിൽനിന്ന് 15 വർഷംവരെ അല്ലെങ്കിൽ നിർമ്മാണ ചെലവും 8% സാധാരണ പലിശയും ചേർന്നുവരുന്ന തുക പിരിഞ്ഞുകിട്ടുന്നതു വരെ, ഇതിൽ ഏതാണോ ആദ്യം പൂർത്തീകരിക്കപ്പെടുന്നത് അതുവരെ ടോൾ പിരിക്കേണ്ടിവരും. അതിനാൽ നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പ്രസ്തുത പാലത്തിൽ ടോൾ പിരിവ് ഒഴിവാക്കാൻ നിർവ്വാഹമില്ല.

മേൽപ്പാലങ്ങൾ

316 (T 7287) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചുവെന്നും എത്ര എണ്ണത്തിന്റെ പണി പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) എത്ര റെയിൽവേ മേൽപ്പാലങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി മേൽപ്പാലങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 9 മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും 11 മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആകെ 75 റെയിൽവേ മേൽപ്പാലങ്ങൾ നിലവിലുണ്ട്.

(സി) ഉണ്ട്. 24 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

പൈങ്കുളം മുള്ളൂർക്കര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

317 (7288) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പൈങ്കുളം മുള്ളൂർക്കര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly